പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 292 | 28.06.2011-ൽ മറുപടിയ്ക്ക്

പെരിങ്ങൽകുത്ത് ഹൈഡൽ ടൂറിസം പദ്ധതി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. ഡി. ദേവസ്സി : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) കെ. എസ്. ഇ. ബി യുടെ പെരിങ്ങൽ കുത്ത് ഹൈഡൽ ടൂറിസം സെൻററിൽ സഞ്ചാരികൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത ടൂറിസ്റ്റ് കേന്ദ്രത്തിൽ ബോട്ടുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ; വിശദാംശം അറിയിക്കാമോ ; | (ബി) അനുദിനം വർദ്ധിച്ചുവരുന്ന സന്ദർശകരുടെ എണ്ണത്തിന് ആനുപാതികമായും, ജലാശയത്തിൻെറ പരിസ്ഥിതിയ്ക്ക് കോട്ടംതട്ടാത്തവിധത്തിലും സെൻററിലെ ബോട്ടുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ടോയ്‌ലറ്റ് കഫക്ടീരിയ, കുട്ടികളുടെ കളിസ്ഥലം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) ഹൈഡൽ ടൂറിസം ഷോളയാർ ഡാമിലേക്ക് കൂടി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) ആതിരപ്പള്ളി സർക്യൂട്ടിൻെറ ഭാവി വിപുലീകരണത്തിൻെറ ഭാഗമായി ഷോളയാർ ഡാമിലേക്ക് കൂടി ഹൈഡൽ ടൂറിസം പദ്ധതികൾ വ്യാപിപ്പിക്കാൻ വനംവകുപ്പിൻെറ അനുമതി ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ.